പുസ്തകം – 9 ലക്കം – 8
സെപ്തംബർ 2016
Internet Edition:
http://www.syriacchristianity.info/KoloSuryoyo/KS.html
stmaryscathedral.manarcad
You Tube user/manarcadpalli

ܟܠܐ ܣܘܪܝܝܐ

KOLO SURYOYO (പെരുന്നാൾ സപ്ലിമെന്റ്)

ST. MARY'S YOUTH ASSOCIATION MANARCAD

ഇതാ ഞാൻ കർത്താവിന്റെ ദാസി (ലൂക്കോസ് 1:38)

അഭി. ഡോ. അന്തിമോസ് മാത്യൂസ് മെത്രാപ്പോലീത്താ

വി. വേദപുസ്തകത്തിലെ ഹൃദയസ്പർശിയായ ഒരു ഉത്തരമാണ് വി.ലൂക്കോസിന്റെ സുവിശേഷം ഒന്നാം അദ്ധ്യായം 38-ാം വാക്യത്തിൽ നാം വായിക്കുന്നത്. സുവാർത്ത ദൂതനായ ഗബ്രിയേൽ മാലാഖ കന്യക മറിയാമിന്റെ അടുക്കലേക്ക് അയയ്ക്കപ്പെട്ടു. ദൈവസന്നിധിയിൽനിന്ന് കടന്നുവന്ന മാലാഖ ഒരു സന്തോഷവാർത്ത അവളെ അറിയിച്ചു നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവന് യേശു എന്ന് പേർ വിളിക്കണം (ലൂക്കോസ് 1:31).

മോശൈക ന്യായപ്രമാണമനുസരിച്ച് ഒരു കന്യക ഗർഭം ധരിച്ചാൽ അവളെ കല്ലെറിഞ്ഞ് കൊല്ലണമെന്നുള്ള നിയമം നിലനിൽക്കുന്ന കാലം. അങ്ങനെയെങ്കിൽ മാലാഖ മറിയാമിനെ അറിയിച്ചത് ഒരു മരണവാർത്തയായിരുന്നു. പരിഭ്രമത്തോടെ നിൽക്കുന്ന മറിയാമിനോട് മാലാഖ പറഞ്ഞു. പരിശുദ്ധാത്മാവ് വരും. മഹോന്നതന്റെ ശക്തി നിന്റെ മേൽ ആവസിക്കും. (ലൂക്കോസ് 1:35). അതുവരെ ഭയത്തോടെ കാണപ്പെട്ട മറിയാം ബലപ്പെട്ടു. മാലാഖ അവളെ വീണ്ടും ധൈര്യപ്പെടുത്തിയത് ചാർച്ചക്കാരിയായ ഏലിശബ വാർദ്ധക്യത്തിൽ ഗർഭം ധരിച്ചിരിക്കുന്നു എന്ന അത്ഭുതം അറിയിച്ചുകൊണ്ടാണ്.

പിന്നീടുണ്ടായത് ചരിത്രം. ലോകത്തിന്റെ രക്ഷകനെ വഹിക്കുവാൻ തക്കവണ്ണം അവൾ ത്യാഗസന്നദ്ധയായി. ഒരു അമ്മയും തന്റെ കുഞ്ഞിനെ വൃത്തിയില്ലാത്തിടത്ത് പ്രസവിക്കുവാൻ ആഗ്രഹിക്കുകയില്ല. പശുവിന്റെയും, ചാണകത്തിന്റെയും ഗന്ധമുള്ള കാലിത്തൊഴുത്തിൽ തന്റെ ഏകജാതന് ജന്മം നൽകിയപ്പോഴും, പ്രാണരക്ഷാർത്ഥം കുഞ്ഞിനെയും മാറോട് ചേർത്ത് കൊണ്ട് മിസ്രയിമിലേക്ക് ഓടിപ്പോയപ്പോഴും കാൽവരിയിൽ തന്റെ പുത്രന്റെ രക്തം വീഴുന്നതുവരെ അനുധാവനം ചെയ്തപ്പോഴും ഒരിക്കൽപ്പോലും തന്നെ വിളിച്ച് വേർതിരിച്ച ദൈവത്തെ തള്ളിപ്പറഞ്ഞില്ല. ദൈവസന്നിധിയിൽ കൊടുത്ത വാക്ക് ഇതാ ഞാൻ കർത്താവിന്റെ ദാസി. നിന്റെ വചനം പോലെ ഭവിക്കട്ടെ. (ലൂക്കോ 1:38). തന്റെ ജീവിതത്തിൽ ശ്രേഷ്ഠതയോടെ പാലിച്ചു.

ആരോട് നാം കടപ്പെട്ടിരിക്കുന്നു? എന്തിനുവേണ്ടി നാം കടപ്പെട്ടിരിക്കുന്നു? എന്നീ ചോദ്യങ്ങൾക്കുള്ള മഹത്തായ ഉത്തരങ്ങൾ വി. മറിയാമിന്റെ ജീവിതത്തിലൂടെ നമുക്കു കണ്ടത്തുവാൻ സാധിക്കും. നമ്മെ വിളിച്ച് വേർതിരിച്ച ദൈവത്തിനായ് മുൻപേ കടപ്പെട്ടിരിക്കുന്നു. ദൈവപദ്ധതി നമ്മിലൂടെ നിറവേറുവാൻ വേണ്ടി നാം കടപ്പെട്ടിരിക്കുന്നു. എങ്ങനെയാണ് മറിയാമിനെ ദൈവം വിളിച്ച് വേർതിരിച്ചത്? കൃപ നിറഞ്ഞവളെ നിനക്കു സമാധാനം. സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവളെ കർത്താവ് നിന്നോട് കൂടെ ഉണ്ട്. (ലൂക്കോസ് 1:28). കൃപയാൽ നിറച്ച്, അനുഗ്രഹിച്ചാണ് ദൈവം മറിയാമിനെ വേർതിരിക്കുന്നത്. ദൈവത്തിന്നായ് നാം വേർതിരിക്കപ്പെടുമ്പോൾ നാം കൃപനിറഞ്ഞു അനുഗ്രഹീതരായി തീരും. വി. മാമ്മോദീസായിലൂടെ ദൈവത്തിന്റെ മകനും മകളുമായി നമ്മെ വേർതിരിച്ച് കൃപയാൽ നിറച്ച് അനുഗ്രഹിച്ചിരിക്കുന്നു. അതിനാൽ നാം ദൈവത്തോട് കടപ്പെട്ടിരിക്കുന്നു.

അതുപോലെ തന്നെ ദൈവ

(ശേഷം പേജ് 3-ൽ)

മാനവകുലത്തിന് രക്ഷ എന്ന സൗഭാഗ്യം നിറവേറ്റിത്തന്ന പരിശുദ്ധ കന്യകമറിയാം

റവ. ഫാ. കുറിയാക്കോസ് കാലായിൽ
(യൂത്ത് അസോസിയേഷൻ പ്രസിഡന്റ്)

ബഥേലിൽ യാക്കോബിന് ദർശനം നല്കിയ ദൈവം മണർകാട് പ്രദേശത്ത് ഒരു ദേവാലയം ഉണ്ടാകുവാൻ ആഗ്രഹിച്ച പൂർവ്വ പിതാക്കൻമാർക്ക് ദർശനം നല്കി. അഷ്ടദിന നോമ്പാചരണത്തോടും വ്രതശുദ്ധിയോടും പ്രാർത്ഥിച്ചിരുന്നപ്പോൾ അതു പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ ഒരു ദേവാലയം സ്ഥാപിതമാക്കാനുള്ള മാർഗ്ഗരേഖയായി മാറിമാനു മീനും എയ്യാവുന്നി ടത്ത് ചൂരക്കാട്ടിൽ ഇഞ്ചപ്പടർപ്പിനുള്ളിൽ പശുവിനേ യും കിടാവിനേയും സ്വപനത്തിൽ ദർശിച്ചവർ ദൈവനിയോഗത്തിനായി പ്രാർ ത്ഥിച്ചപ്പോൾ അതു ദൈവ ജനനിയുടേയും ഉണ്ണിയേശുവിന്റെയും മുൻകുറിയാണെന്നു തിരിച്ചറിഞ്ഞു. ശക്തമായ തീജ്വാലയിൽ എരിയാതെ നിൽക്കുന്ന മുൾപടർപ്പിനുള്ളിൽ ദൈവത്തേ ദർശിച്ച മോശയേപ്പോലെ സന്തോഷഭരിതരാൽ ദൈവം ജനം തങ്ങളുടെ ദൗത്യം നിർവ്വഹിക്കാനുള്ള സ്ഥലം കണ്ടെത്തി. അവിടെ ഒരു ദേവാലയം നിർമ്മിച്ചു ഒരു സഹസ്രാബ്ദത്തിനുമുമ്പ് സ്ഥാപിതമായ ഈ ദേവാലയം അതിന്റെ പ്രതിഷാഠാദിനത്തോടനുബന്ധിച്ച് എട്ടു ദിവസം വ്രതശുദ്ധിയോടും പ്രാർത്ഥനയോടും പ്രാരംഭംകുറിച്ച നോമ്പനുഷ്ഠാനമാണ് ഇന്ന് ലോകമെങ്ങും ആചരിക്കുന്ന എട്ടുനോമ്പിന് നിദാനമായത്. ഈ നോമ്പാചരണമാണ് മണർകാട് പ്രദേശത്തേ ദൈവകൃപാവരസമ്പന്നമായ ദേവാലയത്താൽ അനുഗ്രഹീതമാക്കിയാത്. പൂർവ്വപിതാക്കൻമാർക്കു ലഭിച്ച ദിവ്യദർശനത്തിന്റെ പ്രതീകമായി ഈ ദേവാലയത്തിലെ പ്രധാന ത്രോണോസിൽ സ്ഥാപിച്ചിരിക്കുന്ന വിശുദ്ധ ദൈവമാതാവിന്റെയും ഉണ്ണിയേശുവിന്റെയും ചിത്രം സെപ്റ്റംബർ 7 ന് ദർശനത്തിനായി തുറക്കുന്ന പതിവും സംജാതമായി.

വിശുദ്ധ മത്തായിയുടെ സുവിശേഷം 2 ന്റെ 11 ൽ രാജാധിരാജനായ ക്രിസ്തു പിറന്നതിനേ സൂചിപ്പിക്കുന്ന ദിവ്യനക്ഷത്രം കണ്ട വിദ്വാൻമാർ കിഴക്കുനിന്നും യാത്രതിരിച്ച് ബത്ല ഹേമിലെ പുൽത്തൊട്ടിയിൽ ശിശുവായ യേശുവിനെ അമ്മയായ മറിയത്തോടു കൂടി കണ്ടു വീണു നമസ്കരിച്ച് അവർ പൊന്നും കുന്തിരിക്കവും കാഴ്ചവെച്ച് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ലോകത്തിന് രക്ഷകനായ ക്രിസ്തുവിന്റെ ദൗത്യം വെളിപ്പെടുത്തിയതു പരിശുദ്ധ മറിയം അത്രെ.

മാർക്രിസോസ്റ്റം എന്ന പിതാവ് ഇപ്രകാരം പറയുന്നു.

മറിയം അത്ഭുതകരമായി പരിശുദ്ധാത്മാവിനാൽ ഗർഭം ധരിച്ചവളും രക്ഷാകര പദ്ധതിയിൽ സ്തുത്യർഹമായ സ്ഥാനം വഹിച്ചവളും അത്രെ.

അം ബ്രോസ് എന്ന വേദചിന്തകൾ അഭിപ്രായപ്പെടുന്നതിപ്രകാരമാണ്.

രക്ഷാകരപദ്ധതിയിൽ മറിയത്തിന് സുപ്രധാനമായ പങ്കുണ്ട് മറിയാം നല്കിയ സമ്മതത്തിലൂടെയും ദൈവമാതൃത്വത്തിലൂടെയുമാണ് അതു സാദ്ധ്യമായത്. ശിശുവായ യേശുവിനെ പ്രസവിച്ചപ്പോഴും മറിയം കന്യകതന്നെയായിരുന്നു.

പൗരസ്ത്യ ആരാധനക്രമത്തിൽ മറിയാമിന് അതിശ്രേഷ്ഠമായ സ്ഥാനം ഉണ്ട്. പരിശുദ്ധാത്മാവ് മറിയത്തിൽ ആവസിച്ചപ്പോൾ മറിയാമിന്റെ ഉദരത്തിൽ മശിഹായുടെ ശരീരം രൂപപ്പെട്ട തുപോലെ വിശുദ്ധ കുർബ്ബാനയിൽ പരിശുദ്ധാത്മാവ് ഇറങ്ങി ആവസിക്കുമ്പോൾ അപ്പവും വീഞ്ഞും മശിഹായുടെ ശരീരക്തങ്ങളായി മാറുന്നു എന്ന് ജോൺ ഡമ്മനീഷൻ എന്ന വേദശാസ്ത്രജ്ഞൻ രേഖപ്പെടുത്തിയിരിക്കുന്നു.

പരിശുദ്ധാത്മാവിനാൽ ഗർഭധാരണം ചെയ്ത മറിയാം യെഹൂദ പട്ടണത്തിൽ ബദ്ധപ്പെട്ടുചെന്ന് വാർദ്ധക്യത്തിൽ ഗർഭം ധരിച്ചിരിക്കുന്ന ഏലിശബ്ബായെ സന്ദർശിക്കുന്നു. സെഖര്യാവിന്റെ ഭവനത്തിൽ എത്തി ഏലിശബ്ബായ്ക്കു വന്ദനം ചൊല്ലിയ നേരം ഏലിശബ്ബാ പരിശുദ്ധാത്മാവുനിറഞ്ഞവളായി ഇപ്രകാരം പറയുന്നു. എന്റെ കർത്താവിന്റെ അമ്മ എന്റെ അടുക്കൽ വരുന്ന മാനം എനിക്ക് എവിടെ നിന്നുണ്ടായി. (വി.ലൂക്കോസ് 1:43). മറിയാം ദൈവമാതാവ് എന്ന് ആദ്യം സാക്ഷ്യപ്പെടുത്തുന്നത് ഏലിശബ്ബായിലൂടെ പരിശുദ്ധ റൂഹായാണ്.

വിശുദ്ധിയും അചഞ്ചലമായ ദൈവവിശ്വാസവും, വിനയവും അർപ്പണമനോഭാവവുമെല്ലാം സമ്മേളിച്ച സൽഗുണ സമ്പൂർണ്ണയായ മറിയാം ദൈവസന്നിധിയിൽ പ്രാർത്ഥിക്കുമ്പോൾ ഗബ്രിയേൽ മാലാഖയുടെ വന്ദന സ്വരം കേട്ടു. കൃപനിറഞ്ഞവളേ നിനക്കു വന്ദനം കർത്താവ് നിന്നോടുകൂടെ ഉണ്ട് എന്നു പറയുന്നു. ഈ സദ്വാർത്തകേട്ട് കർത്താവിന് സമ്പൂർണ്ണമായി സമർപ്പിച്ചപ്പോൾ അവളിൽ ദൈവപുത്രനായ ക്രിസ്തു ജഡധാരണം ചെയ്തു. തുടർന്ന് പരിശുദ്ധാത്മ നിറവിൽ മറിയാം പറയുന്നു. ഇന്നു മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്ന് വാഴ്ത്തും. അതേ സ്വയം ശൂന്യവൽക്കരിച്ച് തന്നെ സമ്പൂർണ്ണമായി ദൈവത്തിന് സമർപ്പിച്ചപ്പോഴാണ് കർത്താവിന്റെ അമ്മ എന്ന സമുന്നതപദവി നൽകി ദൈവം അവളെ ആദരിച്ചത്.

സ്വയം ശൂന്യവൽക്കരിക്കപ്പെടുമ്പോഴാണ് നമ്മിലേക്ക് ദൈവകൃപയുടെ നീർച്ചാലുകൾ ഒഴുകിത്തുടങ്ങുന്നത് എന്ന്. വിശുദ്ധ മറിയാമിന് വന്ദനം ചൊല്ലിയ ദൈവദൂതനിലൂടെ ദൈവം നമുക്ക് വെളിപ്പെടുത്തുമ്പോൾ ശൂന്യവൽക്കരിച്ച ഹൃദയപൂർവ്വമായ സമർപ്പണത്തിലൂടെ ദൈവം നമ്മോടുകൂടെ ആയിരിക്കുന്ന ഇമ്മാനുവേലിന്റെ അനുഭവം കരസ്ഥമാക്കുവാൻ ദൈവം നമ്മെ ക്ഷണിക്കുന്നു.

നാം അധിവസിക്കുന്ന ലോകം അഹന്തയുടെയും, അസഹിഷ്ണുതയുടെയും, സ്വാർത്ഥയുടേയും, സ്വയനീതീകരണത്തിന്റെയും, മദ്യമയക്കുമരുന്നു ലഹരിയുടെയും മതഭ്രാന്തിന്റെയും മനോഭാവങ്ങളാൽ മലീമസമായിരിക്കുമ്പോൾ വിശുദ്ധ പൗലൂസ് അപ്പോസ്തോലൻ ആഹ്വാനം ചെയ്യുന്ന മാർഗ്ഗത്തിന് നാം ചെവി കൊടുക്കുക. പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തു നിൽക്കുവാൻ കഴിയേണ്ടതിന് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവീൻ (എഫേസ്യർ 6:10-11). നമ്മിലേക്ക് ദൈവകൃപയുടെ നീർച്ചാലുകൾ ഒഴുകുവാൻ നാം നമ്മെ ദൈവഹിതത്തിന് സമർപ്പിക്കുന്നില്ല എന്നതല്ലേ സത്യം? നാം ഒരു സ്വയപരിശോധനക്കു തയ്യാറാകേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. നമുക്കും വിശുദ്ധ മറിയത്തെപ്പോലെ ഒരു ശൂന്യവൽക്കരണത്തിന് തയ്യാറാകുമ്പോൾ വചനമാം ദൈവം നമ്മിൽ വസിക്കും. നാം ഒരു ഹൃദയ വിശുദ്ധീകരണം സമ്പൂർണ്ണ സമർപ്പണത്തിനും തയ്യാറാക്കുക.

ബാലികയായ മറിയാം ദൈവപുത്രന് ജഢധാരണം ചെയ്യാൻ തന്നെ സമർപ്പിച്ചനിമിഷം മുതൽ കാൽവറിക്രൂശിന്റെ ചുവടുവരെ സഹനങ്ങൾ ഏറ്റുവാങ്ങിയവളാണ്. പെന്തിക്കോസ്തി തിരുനാളിൽ പരിശുദ്ധാത്മാവ് ഇറങ്ങിവസിച്ച മറിയാം. ദൈവമാതാവെന്ന ഉൽകൃഷ്ട പദവിയിൽനിന്നു കൊണ്ട് ആദിമ ക്രൈസ്തവ സഭയേ ശക്തീകരിക്കുവാൻ, പരിശുദ്ധ ശ്ലീഹന്മാരോടു ചേർനിന്നുകൊണ്ട് വിശുദ്ധ സഭയെ വിശ്വാസത്തിൽ ഉറപ്പിക്കുവാൻ ദൈവം അവളെ നിയോഗിച്ചപ്പോൾ സഹനങ്ങളെ അനുഗ്രഹങ്ങളായി മാറ്റി മറിയാം നമുക്ക് മാതൃക കാട്ടിത്തന്നു.

മനുഷ്യരൂപമെടുത്ത് നമ്മെ പാപത്തിൽനിന്നും വീണ്ടെടുക്കുവാൻ യേശുക്രിസ്തു ഏറ്റെടുത്ത സഹനങ്ങൾ വർണ്ണനാതീതമാണ് അന്ത്യോഖ്യായിലെ പാത്രിയർക്കീസായിരുന്ന മാർ ഒസ്തത്തേവോസ് ക്രമീകരിച്ച പ്രൊമിയോൻ-സെദ്റാ പ്രാർത്ഥനയിൽ ഇപ്രകാരം പറയുന്നു. അനശ്വര മേശയായവൻ വിശന്നിരിക്കുന്നവർ തന്നെ ഭക്ഷിക്കുവാൻ തക്കവണ്ണം അവരുടെ മുമ്പാകെ നിരത്തിവയ്ക്കപ്പെട്ടു. നാശമില്ലായ്മയുടെ ഉറവായവൻ ദാഹിച്ചിരിക്കുന്നവർ തന്നെ പാനം ചെയ്യുവാൻ തക്കവണ്ണം അവരുടെ മുമ്പാകെ സ്വയം തുറന്നു കൊടുത്തു എന്നത്രെ.

നാം അനുദിന ജീവിതത്തിൽ അഭിമുഖീകരിക്കുന്ന സഹനങ്ങളേ പരിശുദ്ധ അമ്മയുടേയും പുത്രൻ തമ്പുരാന്റെ സഹനങ്ങളോട് ചേർത്ത് ധ്യാനിക്കുമ്പോൾ സഹനങ്ങൾ അഭിമുഖീകരിക്കുന്ന വിശുദ്ധ പൗലൂസിനോട് എന്റെ ശക്തി നിന്റെ ബലഹീനതയിൽ തികഞ്ഞുവരുമെന്ന് പറയുന്ന വചനം നമുക്കും ജീവിതാനുഭവമായി മാറും.

With Best Compliments from
JOSCO GROUP
JOSCO
JEWELLERS

നേർച്ചക്കഞ്ഞി: പന്തിഭോജനത്തിന്റെ പുതിയ കാഴ്ച

കുര്യൻ കെ. തോമസ്
കരിമ്പനത്തറയിൽ

മൂന്നൂറ് ചാക്ക് കുത്തരി ഒന്നര ടൺ പൊടിച്ചമ്മന്തി...മൂന്ന് ടൺ കടുമാങ്ങ അച്ചാർ!! ചെറിയ പാരിഷ് ഹാളിൽനിന്ന് തുടങ്ങി വലിയ പാരിഷ് ഹാളിന്റെ പൂമുഖവും പിന്നിടുന്ന ഭക്തരുടെ നിര. ഹാളിനുള്ളിൽനിന്ന് കഞ്ഞിക്കും കറികൾക്കും കുഴികളുള്ള സ്റ്റീൽ പാത്രങ്ങളിൽനിന്നും അച്ചടക്കത്തോടെ കഞ്ഞികുടിക്കുന്ന വിശ്വാസ സമൂഹം. ഇത് മണർകാട് പള്ളിയിലെ എട്ടുനോമ്പ് പെരുന്നാളിന്റെ നേർച്ച കഞ്ഞി വിതരണത്തിന്റെ അതിബ്രഹത്തും ഏറ്റം അനുഗ്രഹകരവുമായ കാഴ്ച.

പള്ളിയുടെ വലതുവശത്തെ മൈതാനത്തെ പെരുമ്പള്ളിതിരുമേനിയുടെ നാമത്തിലുള്ള ചെറിയ പാരിഷ് ഹാളിലാണ് ഭക്തിയുടെ രുചിക്കൂട്ടുമായി ഈ നേർച്ചകഞ്ഞി വിതരണം. രാവിലെ വലിയ പള്ളിയിലെ മൂന്നിന്മേൽ കുർബ്ബാന കഴിഞ്ഞാൽ കഞ്ഞിവിതരണം തുടങ്ങുകയായി, രാവിലെ പതിനൊന്നു മണിക്ക് തുടങ്ങുന്ന കഞ്ഞി വിതരണം രാത്രി പതിനൊന്നു കഴിഞ്ഞും നീളാറുണ്ട്.

ക്യൂ നിന്ന് പാരിഷ് ഹാളിന്റെ വാതിലിലെത്തിയാൽ അരികെ വലിയ കുട്ടകളിൽ കഞ്ഞിക്കുള്ള അരി കഴുകിയ സ്റ്റീൽ പാത്രങ്ങൾ കാണാം. തെക്കുള്ള അഴിയിട്ട വരാന്തയിൽ നിരയായിട്ട മേശകളിൽ കഞ്ഞിയും കറികളും നിരത്തിയ നിരവധി കൗണ്ടറുകൾ. പിന്നിൽ വിളമ്പാൻ സ്വന്ത വേഷത്തിനു മുകളിൽ തോർത്തുടുത്ത സന്നദ്ധസേവകർ. അവർ ആവശ്യംപോല കഞ്ഞിയും കറികളും വിളമ്പിത്തരും. ഓരോ കൗണ്ടറുകളിലും ആവശ്യക്കാർക്ക് അധികമായി ചേർക്കാൻ ഉപ്പുപോലും വെച്ചിട്ടുണ്ട്.

കഞ്ഞിയുമായി ഹാളിനുള്ളിൽ ചെന്നാൽ പാത്രം വെച്ചുകൊണ്ട് നിന്നു കഴിക്കാൻ മേശകൾ വേണ്ടവർക്കെല്ലാം വീണ്ടും വിളമ്പാൻ ഹാളിനുള്ളിൽ പ്രത്യേക കൗണ്ടറുകൾ പൊക്കമുള്ളവർ ഹാളിലെ സ്റ്റേജിന്റെ അരികിൽനിന്ന് അത് മേശയാക്കും. സ്റ്റേജിൽനിന്ന് ഇടയ്ക്കിടെ മൈക്കിലൂടെ നിർദ്ദേശങ്ങൾ.

കോട്ടയത്തെ മൊത്തവിൽപ്പനക്കടയിൽനിന്നാണ് നേർച്ചകഞ്ഞിക്കുള്ള കുത്തരി വാങ്ങിയത്. വാളമ്പുളിയുടെ രുചിയും കുരുമുളകിന്റെ എരിയുമുള്ള ചമ്മന്തിപ്പൊടി മീനടത്തുനിന്നും, ചെത്തുമാങ്ങാ അച്ചാർ പെരുമ്പാവൂരിൽനിന്ന് ആവശ്യം വന്നാൽ ഇനിയും അവ എത്തിക്കാൻ സംവിധാനങ്ങളും ഒരിക്കിയിട്ടുണ്ട്.

കഞ്ഞികുടിച്ചാൽ ശേഷിക്കുന്നവ ഇടാൻ വലിയ നീലപാത്രങ്ങൾ. ഹാളും മേശകളും തുടച്ചുവൃത്തിയാക്കാൻ യൂണിഫോമിട്ട പള്ളിയിലെ പതിവ് ജോലിക്കാർ. കഴിച്ചവർ തന്നെ റാമ്പിലൂടെ താഴേക്കിടുന്ന പാത്രങ്ങൾ കഴുകിവൃത്തിയാക്കാൻ ശക്തിയുള്ള മോട്ടർ ഘടിപ്പിച്ച ഹോസും അനുബന്ധ ആധുനിക സൗകര്യങ്ങളും. കഴുകിയ പാത്രങ്ങൾ വീണ്ടും കുട്ടകളിൽ വിതരണ സ്ഥലത്തേക്ക്.

കഞ്ഞിയുടെ ബന്ധപ്പെട്ട ജോലികളിൽ പാചകംമാത്രം അടുത്തകാലത്തായി കരാറുകാരനെ ഏൽപ്പിച്ചു. വെപ്പിനുള്ള വലിയ പാത്രങ്ങളും പണിക്കാരും കരാറുകാരൻ കൊണ്ടുവരുന്നതാണ്. അയ്യായിരം സ്റ്റീൽ പാത്രങ്ങളടക്കം വിളമ്പാനുള്ള പാത്രങ്ങളെല്ലാം പള്ളിയിൽ സ്വന്തമായി ഉള്ളത്.

കുറവുള്ളതു വാടകക്കെടുക്കും. വിളമ്പു പൂർണമായും ഇടവകക്കാരായ സന്നദ്ധ സേവകരുടെ നിസ്വാർത്ഥസേവനവും.

ഇതൊരു നന്മയുടെ പുതിയ കാഴ്ചയാണ്. ഇവിടെ വലിയവനില്ല ചെറിയവനില്ല, ജാതിയില്ല, മതമില്ല. ആണിനും പെണ്ണിനും പ്രത്യക വരികളില്ല. എല്ലാവർക്കും ഒരേ പാത്രം. ഒരേ നിര, ശീലങ്ങൾ വേഷങ്ങളിൽ മതവും ജാതിയും നിയന്ത്രണങ്ങൾ അടിച്ചേൽപ്പിക്കുന്ന പുതിയ കാലത്തു അതെല്ലാം മറന്നു ജനങ്ങൾ കഞ്ഞിയും പയറും പൊടിച്ചമ്മന്തിയും മാങ്ങാഅച്ചാറും കഴിക്കുന്ന കാഴ്ച മതേതര മനസ്സുകൾക്കൊക്കെ സുഖം പകരും.

ആത്മീയഭക്ഷണം അഗതികൾക്കും ആലമ്പഹീനർക്കും അവോളം വിളമ്പാനെത്തിയ ക്രിസ്തു അവരുടെ വിശക്കുന്ന വയറുകളെയും കരുതിയ കഥകൾ ബൈബിളിലുണ്ട്. ഒരിക്കൽ അഞ്ചപ്പവും രണ്ടുമീനുംകൊണ്ട് അയ്യായിരങ്ങളെ അവർ തീറ്റിതൃപ്തിവരുത്തി. മറ്റൊരിക്കൽ ഏഴ് അപ്പവനും രണ്ടു മീനും കൊണ്ട് നാലായിരം പേരെയാണ് അവർ സന്തോഷിപ്പിച്ചത്. സമാനതകൾക്കു സാധ്യതയുള്ള ഈ നേർച്ച കഞ്ഞി വിതരണത്തിന്റെ ഭൗതികമായ അർത്ഥതലങ്ങളിൽ എട്ടുനോമ്പാചരണത്തിന്റെ ഭക്തിയുടെയും ആത്മീയതയുടെയും സൽക്രിയമായ പൂരകമാവുന്നു.

ഈ നേർച്ച കഞ്ഞി വിതരണം കാലം കൂട്ടിലടച്ചുമറച്ച ചില കാഴ്ചകളെ വീണ്ടും ഓർമ്മിപ്പിക്കുന്നു. ഇത്തരം ഒരു കാഴ്ച 1927-ൽ ചെറിയായിൽ കണ്ടതാണ്. ജാതി മറന്നു മനുഷ്യൻ ഒന്നിച്ചിരുന്നു ഭക്ഷണം കഴിച്ച ആ കാഴ്ച. സഹോദരൻ അയ്യപ്പൻ കേരളത്തിന്റെ ചരിത്രത്തിലാദ്യമായി ജാതിവ്യവസ്ഥയെ വെല്ലുവിളിച്ചു നടത്തിയ പന്തിഭോജനത്തിന്റെ കാഴ്ച. ശ്രീനാരായണഗുരു നടത്തിയ എനിക്ക് ജാതിയില്ല പ്രഖ്യാപനത്തിന്റെ നൂറാം വാർഷികവും സഹോദരൻ അയ്യപ്പന്റെ പന്തിഭോജനത്തിന്റെ തൊണ്ണൂറാം വാർഷികവും ഈ ആണ്ടാണ്. അതിന്റെ പേരിൽ കൊട്ടിഘോഷിക്കപ്പെടുന്ന ആഘോഷങ്ങളേക്കാളേറെ കാലികമാണ് ഇത്തരം ഒരുമയുടെ നാട്ടുക്കൂട്ടങ്ങൾ.

പള്ളിമതിലുകൾക്കും പുറത്തേക്ക് വളരേണ്ടതാണ് ഈ പുതിയ പന്തിഭോജനത്തിന്റെ നീണ്ടുനീണ്ടുപോകുന്ന നിരകൾ.



Thengumthuruthel Bldgs.,
Opp. Bar-B-Que Restaurant
K. K. Road, Manarcad, Kottayam
Ph: 8606675923

ഇതാ ഞാൻ കർത്താവിന്റെ ദാസി

(പേജ് 1-ൽനിന്നും തുടർച്ച)

പദ്ധതിയ്ക്കായി നാം കടപ്പെട്ടിരിക്കുന്നു. മറിയാമിനെ ദൈവപദ്ധതിയ്ക്കായി വേർതിരിച്ചപ്പോൾ പരിശുദ്ധാത്മാവിനെ അയച്ച് ധൈര്യപ്പെടുത്തി (ലൂക്കോസ് 1:55). കൂരിരുൾ താഴ്വരയിൽക്കൂടി നടക്കേണ്ടി വന്നാലും ദൈവം കൂടെ ഉണ്ട് എന്ന് മറിയാമിന്റെ ജീവിതത്തിലൂടെ ദൈവം വെളിപ്പെടുത്തി തരുന്നു. നമ്മുടെ ജീവിതത്തിലും പ്രതിസന്ധിയുടെ ഘട്ടങ്ങളിലൂടെ നാം കടന്നു പോകേണ്ടതായി വരും. സഹിക്കാൻ വയ്യാത്ത വേദനകളും, ഒരു പക്ഷെ ജീവിതത്തിന്റെ ഭാഗമാകാം. എന്നാൽ അവിടെയെല്ലാം മറിയാമിനെ ശക്തിപ്പെടുത്തി ദൈവം തന്റെ ആത്മാവിനാൽ നമ്മെ നിറച്ച് ബലം പകരും. ത്യാഗത്തിലൂടെയും, സഹനത്തിലൂടെയും, ക്ഷമയിലൂടെയും ദൈവത്തെ സാക്ഷ്യപ്പെടുത്തുവാൻ തക്കവണ്ണം ദൈവപദ്ധതിയ്ക്കായി നാം കടപ്പെട്ടിരിക്കുന്നു.

വി. മറിയാമിന്റെ ഓർമ്മയെ കൊണ്ടാടുന്നു ഈ അനുഗ്രഹീത നാളുകളിൽ മറിയാമിനെ പോലെ ദൈവസന്നിധിയിൽ എളിമയോട് കൂടി ദൈവപദ്ധതിയ്ക്കായി നമ്മെ തന്നെ സമർപ്പിക്കാം. ഇതാ ഞാൻ കർത്താവിന്റെ ദാസൻ/ദാസി എന്ന താഴ്മപ്പെടാൻ ദൈവം നമുക്ക് സംഗതിയാക്കട്ടെ.

മാങ്ങാനം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ക്ലിപ്തം നമ്പർ 1920

(സ്ഥാപിതം : 1930)

Phone :	Head Office	:	0481- 2572209, 2574587
	Main Branch	:	2578148
	Vadavathoor Branch	:	2578149
	Kanjikuzhy Branch	:	2570424

പ്രസിഡന്റ്
അഡ്വ. പി. വി. സലിം
ഫോൺ: 9388408743

സെക്രട്ടറി
വർഗീസ് സഖറിയ

ദു: ഖ്റോനോ

മലങ്കരയുടെ പ്രകാശഗോപുരം
ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വിതിയൻ ബാവാ
സെപ്തംബർ 1, മലേക്കുരിശ് ദയറാ

ശ്രേഷ്ഠബാവാ തെങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ

ദു: ഖ്റോനോ

അഭി. ഏബ്രഹാം മോർ ക്ലീമീസ്
സെപ്തംബർ 30
സെന്റ് ജോൺസ് ദയറാപ്പള്ളി
ചിങ്ങവനം

സൗജന്യ ഡയാലിസിസ് കിറ്റ് വിതരണം

മണർകാട് വി. മർത്തമറിയം യൂത്ത് അസോസിയേഷൻ നടത്തിവരുന്ന ക്രിസ്മസ് ആഘോഷത്തോടനുബന്ധിച്ചുള്ള ജീവകാരുണ്യപ്രവർത്തനങ്ങളുടെ ഭാഗമായി ഈ വർഷം നിർദ്ധനരായ വൃക്കരോഗികൾക്ക് ഡയാലിസിസ് കിറ്റ് വിതരണം ചെയ്യുന്നു. ഡയാലിസിസ് കിറ്റ് ആവശ്യമുള്ളവരും, ഈ സംരംഭത്തോട് സഹകരിക്കുവാൻ ആഗ്രഹിക്കുന്നവരും യൂത്ത് അസോസിയേഷൻ ഓഫീസുമായോ, സെക്രട്ടറിയുമായോ 2016 ഡിസംബർ 10 -ന് മുമ്പ് ബന്ധപ്പെടുക. **ലിജോ കുര്യൻ മറ്റക്കണ്ടത്തിൽ (സെക്രട്ടറി) – 9400679765, അജു മാത്യു മുണ്ടാനിക്കൽ (വൈസ് പ്രസിഡന്റ്) – 9496464299, നിതിൻ ചെറിയാൻ (ജോ. സെക്രട്ടറി) –9747246972, ജെബിൻ വർഗീസ് (ജോ. സെക്രട്ടറി)– 8089420458.**

A/c No. 0037053000024741, IFSC Code: SIBL0000037, MICR 686059002, Account Name: St. Maryís Youth Association, Manarcad, South Indian Bank, Kottayam

VALAYIL AGENCIES
Manarcad, Ph: 0481-2370325

SERVICES
BEAUTY PARLOUR
All Beauty Treatments
Hair Dressing
Bridal Makeup
Bouquet
Car Decoration
TAILORING CENTRE
Ladies and Children's Wear
Embroidary, Shadow Work
Painting Beads Work
Cut Work
Hand Embroidary

LEENA RAJU
Thadathimackal
Mob: 9447760612
9605485373

Madonna
BEAUTY PARLOUR & TAILORING CENTRE
Koorumala Building, Manarcadu
Near St. Maryís Hosital
Tel: 2370611(O), 2370211(R)
E-mail: leenakurianmadona@gmail.com
Classes: Beautician Course, Fabric Painting etc

തിരുവഞ്ചൂർ സർവ്വീസ് കോ–ഓപ്പറേറ്റീവ് ബാങ്ക്
തിരുവഞ്ചൂർ, കോട്ടയം. ഫോൺ: 0481–2770612
പ്രസിഡന്റ് ശശികുമാർ ഡി.
സെക്രട്ടറി അമ്മിണി എം. ജെ.

JOSHY & FAMILY
KANNUKUZHIYIL
VELLOOR

THEMSON ENTERPRISES
THENGUMTHURUTHEL ARCADE, MANARCADU
FURNITURE
FOOT WEARS
BAGS & UMBRELLA
SPORTS GOODS

C. M. KURIAN & COMPANY
TYRES &
WHEEL ALIGNMENT

Chalakuzhy Bhavan,
S. H. Mount,
M.C.Road, Kottayam-6
Ph: 0481-2568765,
2301765
e-mail:
cmklino@yahoo.com
Branch: Chalakuzhy Building,
Pulimoodu Jn., M.C.Road,
Kottayam. Ph: 0481-2303765

Available Indian & Imported Radial Tyres

MICHELIN BRIDGESTONE apollo CEAT YOKOHAMA GOODYEAR FALKEN PIRELLI Continental

FÃm ` à P\ § Ä ¡ pw
aÀ ¯ adnbw bq ¯ Atkmkntb j sâbpw t I mtem kpdntbmtbmbpsSbpw
s] cp ¶ mÄþHm Wm i w k I Ä

മലങ്കരയുടെ പ്രകാശഗോപുരം-ശ്രേഷ്ഠ ബാവാ



ജോൺ ഫിലിപ്പ് കോട്ടപറമ്പിൽ

നിങ്ങൾ അന്ത്യോഖ്യാ സിംഹാസനത്തെ മറക്കരുത് എന്നാണ്. ബാവായുടെ അതിഥി മര്യാദ ഒരിക്കലെങ്കിലും ബാവായെ സന്ദർശിച്ചിട്ടുള്ള ഏവർക്കും ബോധ്യപ്പെട്ടിട്ടുണ്ട്. ഞാൻ കോതമംഗലം എം. എ. എഞ്ചിനീയറിംഗ് കോളേജിൽ പഠിക്കുന്ന കാലമെല്ലാം ഏതാണ്ട് 4-5 വർഷം മൂവാറ്റുപുഴ അരമനയിൽ ആണ് താമസിച്ചത്. കുമരകം ആറ്റമംഗലം പള്ളിയിലുള്ള ഒരു വ്യക്തിയും അന്നവിടെ ഉണ്ടായിരുന്നു. ചിലപ്പോൾ ബാവാ തിരുമേനി വാതിലിൽ മുട്ടും വാതിൽ തുറക്കുമ്പോൾ ഞങ്ങൾക്ക് നൽകാൻ കയ്യിൽ പലഹാരവും ആയി നിൽക്കുന്ന ബാവായെ ആണ് കണ്ടിട്ടുള്ളത്. ബാവായെ സന്ദർശിക്കുന്ന ആരെയും ഭക്ഷണം നൽകാതെ ബാവാ പോകാൻ അനുവദിക്കില്ലായിരുന്നു. ബാവായുടെ പ്രാർത്ഥനാ ജീവിതത്തിൽ അനുഗ്രഹം പ്രാപിച്ചവർ അനവധിയാണ്. ബാവാ ഗൾഫിൽ പള്ളി സന്ദർശിക്കവെ വിവാഹം കഴിഞ്ഞിട്ട് അനേക വർഷങ്ങളായി മക്കളില്ലാത്ത ദമ്പതികൾ ബാവായെ സന്ദർശിച്ചു. ബാവാ അവരോട് നിങ്ങൾ മൂന്നു പേരും കൂടെ നാട്ടിൽ വരുമ്പോൾ എന്നെ വന്നു കാണണം എന്നുപറഞ്ഞു. അവർ ബാവ ഞങ്ങൾ മൂന്നുപേർ ആരാ? നിങ്ങളും നിങ്ങളുടെ കുഞ്ഞും. ദൈവം തന്റെ അഭിഷിക്തന്റെ പ്രാർത്ഥനയാൽ അവർക്ക് കുഞ്ഞിനെ നൽകുകയും അവർ കുഞ്ഞുമായി ബാവായെ സന്ദർശിക്കുകയും ചെയ്തു. ആരോടും വിരോധമോ പിണക്കമോ ബാവാ വച്ചുപുലർത്തിയിട്ടില്ല. ബാവായെ ഏറെ മനക്ലേശം വരുത്തിയ വ്യക്തിക്കണ്ടായ അനുഭവം ആ വ്യക്തിയുടെ കുടുംബാംഗം ബാവായെ ഓർമ്മിച്ചപ്പോൾ രണ്ടു കരങ്ങളും ഉയർത്തി എന്റെ മക്കളെ അതൊന്നും ഇനി പറയരുതേ എന്ന് ബാവാ കൽപ്പിച്ചു. തികച്ചും ദൈവകരങ്ങളിൽ ഭരമേൽപ്പിക്കപ്പെട്ട ഒരു ജീവിതമായിരുന്നു ശ്രേഷ്ഠബാവായുടേത്. ഇത്രയധികം ജനങ്ങളുമായിട്ട് ഇടപഴകി ജീവിച്ച ഒരു പിതാവില്ല.കോട്ടയത്തുള്ള ഒരു വ്യക്തി കൃഷി ചെയ്യുവാൻ പണമില്ലാതെ വിഷമിച്ചപ്പോൾ തന്റെ മാലഊരി അദ്ദേഹത്തെ ഏൽപ്പിച്ചിട്ട് ഇതു പണയപ്പെടുത്തി കൃഷി ഇറക്കാൻ പീലക്സിനോസ് തിരുമേനി കൽപ്പിച്ചു. 1996 സെപ്റ്റംബർ 1-നു ബാവാ കാലം ചെയ്യുന്ന സമയം വരെ ബാവായ്ക്ക് ഒരു ശരീരിക അവശതകളും ഇല്ലായിരുന്നു. അന്ന് ഞായറാഴ്ച എല്ലാ പള്ളികളിലും തുബദേനിൽ ബാവായുടെ പേര് ഓർത്തതിനുശേഷം ആ പുണ്യവാൻ തന്റെ നാഥന്റെ സന്നിധിയിലേക്ക് യാത്രയായ ഈ തലമുറയിൽ ബാവാ വിശുദ്ധ ജീവിതത്തിനും ലാളിത്യത്തിനും പറ്റിയ മാതൃകയാണ്. ആ പിതാവിന്റെ പ്രാർത്ഥനയിൽ അഭയപ്പെടുന്നു. കർത്താവിന്റെ രാജ്യത്തിൽ തന്റെ വിശ്വസ്തത സേവകർ ക്കുള്ള നല്ല പ്രതിഫലം ദൈവം ബാവായ്ക്ക് നൽകട്ടെയെന്നും പ്രാർത്ഥിക്കുന്നു.

(ലേഖകനാണ് എല്ലാ മാസവും കോലോ സുറിയോയോ ഇന്റർനെറ്റിൽ അപ്ലോഡ് ചെയ്യുന്നത്)

യേശുക്രിസ്തുവിനെക്കുറിച്ച് സ്വാമി വിവേകാനന്ദൻ പറഞ്ഞത് മനുഷ്യരായി ജനിച്ചവരിൽ ദൈവമെന്ന് വിളിച്ച് ആരാധിക്കുവാൻ സാധിക്കുന്നത് യേശുക്രിസ്തുമാത്രമാണ്. ഇതുപോലെ ശ്രേഷ്ഠ ബാവായെക്കുറിച്ചു മാർത്തോമ്മാ സഭയുടെ യൂഹാനോൻ മാർത്തോമ്മ മെത്രാപ്പോലീത്താ പറഞ്ഞത് കേരളത്തിലെ വിവിധ സഭാ പിതാക്കന്മാരിൽ ശ്രേഷ്ഠൻ എന്ന പേരിന് അർഹൻ ബസേലിയോസ് പൗലൂസ് ദ്വിതിയൻ ബാവ മാത്രമാണ്. ജാതി മത സഭാ ഭേദമെന്യേ ജനഹൃദയങ്ങൾ കീഴടക്കിയ ഒരു പിതാവ് വേറേയില്ല. വിനയവും ലാളിത്യവും അദ്ദേഹത്തിന്റെ മുഖമുദ്രയായിരുന്നു. യാക്കോബായ സഭയുടെ അരനൂറ്റാണ്ടു കാലത്തെ ചരിത്രം ശ്രേഷ്ഠബാവായുടെ ചരിത്രമാണ്. 1958-ലെ സഭാ യോജിപ്പിനുശേഷം ഇവിടെ യാക്കോബായ സഭ നിലനിൽക്കുന്നുണ്ടെങ്കിൽ ശ്രേഷ്ഠ ബാവായെ ദൈവം ഉപയോഗിച്ചതിനാൽ മാത്രമാണ്. വിശുദ്ധ ബന്ധങ്ങൾ വിച്ഛേദിക്കപ്പെടുകയും പാരമ്പര്യങ്ങൾ പരിഹസിക്കപ്പെടുകയും കാതലായ വിശ്വാസപ്രമാണങ്ങൾക്കിടയിൽ തിരുകിചേർക്കുകയും സത്യവിശ്വാസം ചോദ്യം ചെയ്യപ്പെടുകയും ചെയ്ത കാലത്ത് സഭയുടെ അമരക്കാരനായിത്തീർന്നത് അഭി.പൗലോസ് മോർ ഫീലക്സിനോസ് മെത്രാപ്പോലീത്തയാണ്. അനീതിപരമായ മുടക്കുകളോ, ക്രിസ്തീയമല്ലാത്ത ഭീഷണികളോ സഭ്യമല്ലാത്ത വാക്കുകളോ ബാവായുടെ അന്ത്യോഖ്യാ സിംഹാസന ഭക്തിയിൽനിന്ന് ബവായെ തടഞ്ഞില്ല. ബാവാ കാലം ചെയ്യുന്നതിന് കേവലം ഒരാഴ്ചമുമ്പ് വരിക്കോലി പള്ളിയിൽ കൂടിയ സഭാ മാനേജിംഗ് കമ്മറ്റിയിലും ബാവാ കൽപ്പിച്ചത് വാൽസല്യമക്കളെ

എട്ടുനോമ്പിനോടനുബന്ധിച്ച് നടന്ന പൊതുസമ്മേളനത്തിന്റെ ഉദ്ഘാടനം

FR. MARTIN & FAMILY

പൈനുങ്കലായ വടക്കേടത്ത്
മണർകാട്



അരനൂറ്റാണ്ടിലെത്തുന്ന യുവജനപ്രസ്ഥാനം

മണർകാട് പള്ളിയെന്ന മഹാ അനുഗ്രഹപ്രവാഹത്തിന്റെ കീഴിൽ ഒരു ചെറുനീരുറവയായി ഒരു കൂട്ടം യുവാക്കളുടെ നേതൃത്വത്തിൽ 1968 മുതൽ പ്രവർത്തിച്ചുവരുന്ന പ്രസ്ഥാനമാണ് വിശുദ്ധ മർത്തമറിയം യൂത്ത് അസോസിയേഷൻ. ആരാധന, പഠനം, സേവനം,വിശ്വാസ സംരക്ഷണം, സുവിശേഷഘോഷണം എന്നിവയിലൂന്നിയുള്ള യൂത്ത് അസോസിയേഷന്റെ പ്രവർത്തനങ്ങൾ അഞ്ചുപതിറ്റാണ്ടായി തുടർന്നുവരുന്നു. ഇക്കാലയളവിൽ നിരവധി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.മലങ്കര സഭ ഒന്നായിരുന്ന 1968 കാലയളവിൽ നമ്മുടെ പള്ളിയിൽ യൂത്ത് ലീഗ് എന്നനാമത്തിൽ യുവജന പ്രസ്ഥാനം നിലവിൽവന്നു.1970, 1990,2005 എന്ന വർഷങ്ങളിൽ അഖില മലങ്കരാടിസ്ഥാനത്തിൽ നമ്മുടെ പള്ളിയിൽ നടത്തിയ യുവജനകൺവെൻഷൻ സഭാ അധികൃതരുടെയും പൊതുജനങ്ങളുടെയും പ്രശംസയ്ക്ക് കാരണമായി 1971-ൽ മണർകാട് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ നമ്മുടെ പള്ളിയിൽ ആദ്യമായി നടത്തിയ വി.ബി.എസ് ഏറ്റവും വിജയപ്രദമായി. അതിനെ തുടർന്നാണ് ഇന്നു നമ്മുടെ പള്ളിയിൽ സുസംഘടിതമായി നടത്തപ്പെടുന്ന ജെ.എസ്.വി.ബി.എസിന്റെ തുടക്കം. അന്നത്തെ യുവജന പ്രസ്ഥാനത്തിലെ പലഅംഗങ്ങളും ഇന്നു സഭയെ നയിക്കുന്ന വൈദികരായും രാഷ്ട്രീയ നേതാക്കന്മാരായും പൊതുപ്രവർത്തകരായും സേവനം അനുഷ്ഠിച്ചു വരുന്നു. 1974-ൽ മലങ്കരസഭയിൽ ഭിന്നതരൂപം കൊണ്ടു സഭ രണ്ടായി പിരിഞ്ഞപ്പോൾ അന്ത്യോഖ്യാ സിംഹാസനത്തിൻകീഴിൽ യൂത്ത് ലീഗ് യൂത്ത് അസോസിയേഷനായി രൂപാന്തരപ്പെട്ടു. അഭി. തോമസ് ദീവന്നാസ്യോസ് തിരുമേനിയുടെ (ഇപ്പോഴത്തെ ശ്രേഷ്ഠ ബാവ) കിടയറ്റ നേതൃത്വത്തിൽ കീഴിൽ യൂത്ത് അസോസിയേഷൻ അതിന്റെ പ്രതാപം ഒട്ടും ചോർന്നു പോകാതെ സുസംഘടിതമായി സഭയിൽ പ്രത്യേകിച്ചും മണർകാട് പള്ളിയിൽ

ലിജോ കുര്യൻ മറ്റക്കണ്ടത്തിൽ
സെക്രട്ടറി

അതിന്റെ സ്ഥാനം നിലനിർത്തി. രോഗത്താലും അംഗവിഹീനതയാലും ആഘോഷങ്ങൾ നഷ്ടപ്പെട്ടവർക്ക് സഹായം ചെയ്യുമ്പോഴാണ് ക്രിസ്മസ് ആഘോഷം അർത്ഥപൂർണ്ണമാകുന്നത്. എല്ലാവർഷവും യൂത്ത് അസോസിയേഷന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ക്രിസ്മസ് ആഘോഷങ്ങളോടനുബന്ധിച്ച് യൂത്ത് അസോസിയേഷൻ ഇത്തരത്തിൽ കഷടപ്പെടുന്നവർക്ക് സഹായഹസ്തമായിത്തീരാറുണ്ട് ക്രിസ്മസ് ആഘോഷവേളകളിൽ യൂത്ത് അസോസിയേഷൻ ചെയ്യുന്ന പ്രവർത്തനങ്ങൾ ഇതിന് തെളിവാണ്. വിവിധ വർഷങ്ങളിലായി വിദ്യാഭ്യാസ സഹായം, ചികിത്സ സഹായം, ഭവന നിർമ്മാണം, വീൽചെയർ-കൃത്രിമ കാൽവിതരണം, സൗജന്യ ഡയാലൈസർ വിതരണം, ക്യാൻസർ രോഗികൾക്കുള്ള ചികിത്സാസഹായം വരെ ഇതിൽ ചിലതാണ്. നമ്മുടെ പള്ളിയിൽ നടത്തപ്പെടുന്ന ക്രിസ്മസ് ആഘോഷം ഇടവകയിലെ ഏറ്റവും പ്രധാനപ്പെട്ട ആഘോഷപരിപാടിയായി ഇന്നും വിജയകരമായി നടത്തിപ്പോരുന്നു. എട്ടുനോമ്പു പെരുന്നാളിനോടനുബന്ധിച്ചു നടത്തപ്പെടുന്ന ഇൻഫർമേഷൻ കൗണ്ടർ ഇന്നും തുടർന്നു വരുന്നു. എട്ടുനോമ്പിന് വരുന്ന ഭക്തജനങ്ങളുടെ അഭിപ്രായങ്ങളും അനുഭവസാക്ഷ്യങ്ങളും 1970 മുതൽ രേഖപ്പെടുത്തുന്ന ഡയറി യൂത്ത് അസോസിയേഷന്റെ പ്രവർത്തന പരിപാടിയായിരുന്നു. 2008-ൽ യൂത്ത് അസോസിയേഷന്റെ മുഖപത്രമായി കോലോസുറിയോയോ പ്രസിദ്ധീകരിക്കാൻ ആരംഭിച്ചു. 1968-ൽ കൈയ്യെഴുത്തുമാസിക പ്രസിദ്ധീകരിച്ച മുൻപ്രവർത്തകരെ ആദരവോടെ സ്മരിക്കുന്നു.

കോലോ സുറിയോയോ

കഴിഞ്ഞ ഒൻപതു വർഷക്കാലമായി സഭാസംബന്ധമായ വാർത്തകൾ, ഇടവകതലത്തിലുള്ള വാർത്തകൾ, ഇടവകാംഗങ്ങളിൽ വിശ്വാസം വർദ്ധിപ്പിക്കുവാൻ ഉതകുന്ന ലേഖനങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചു കൊണ്ട് എല്ലാമാസവും സൗജന്യമായി യൂത്ത് അസോസിയേഷന്റെ മുഖപത്രമായ കോലോസുറിയോയോ വിജയകരമായി പ്രസിദ്ധീകരിച്ചു വരുന്നു.

പ്രവർത്തനോദ്ഘാടനം

യൂത്ത് അസോസിയേഷന്റെ 2016 വർഷത്തെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ജനുവരിയിൽ നടത്തപ്പെട്ടു. പള്ളി ട്രസ്റ്റിമാരും വൈദീകരും സംബന്ധിച്ചു.

പാണംപടി തീർത്ഥയാത്ര

കോട്ടയം ഭദ്രാസന യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന പാണംപടി തീർത്ഥയാത്രയിൽ മുൻവർഷങ്ങളിലെപ്പോലെ വി.മർത്തമറിയം യൂത്ത് അസോസിയേഷനിലെ അംഗങ്ങൾ പങ്കെടുത്തു. തീർത്ഥയാത്രയിൽ മണർകാട് വി.മർത്തമറിയം യൂത്ത് അസോസിയേഷൻ ഒരു രഥവും ക്രമീകരിച്ചിരുന്നു.

പെരുമ്പള്ളി തീർത്ഥയാത്ര

കോട്ടയം ഭദ്രാസന യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തിയ പെരുമ്പള്ളി തീർത്ഥയാത്രയിൽ ഈ യൂണിറ്റ് അംഗങ്ങൾ പങ്കെടുത്തു.

മഞ്ഞനിക്കര തീർത്ഥയാത്ര

മണർകാട് കേന്ദ്രമാക്കിയുള്ള കിഴക്കൻ മേഖലാ മഞ്ഞനിക്കര തീർത്ഥയാത്രയ്ക്ക് മണർകാട് പള്ളിയിൽ നൽകിയ സ്വീകരണത്തിലും തുടർന്ന് തീർത്ഥാടകർക്കുള്ള ഭക്ഷണവിതരണത്തിലും മണർകാട് പള്ളി ഇടവകാംഗങ്ങൾക്കൊപ്പം യൂത്ത്

കോട്ടയം ജില്ലാ സഹകരണ ബാങ്ക് ക്ലിപ്തം
ജില്ലാ സഹകരണ ബാങ്ക് ബിൽഡിംഗ്
ഹെഡ്ഓഫീസ്, പി. ബി. നം. 140, കോട്ടയം - 686001
E-mail : kdcb@dataone.in | Ph: 0481 - 2563603, 3604, 3605, 3606 | Fax: 0481 - 2564414
ജില്ലയിലെ സഹകരണ സ്ഥാപനങ്ങളുടെ കേന്ദ്രബാങ്ക്
റിസർവ്വ് ബാങ്കിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനം | ജില്ലയിലുടനീളം പൂർണ്ണമായി കംപ്യൂട്ടർവൽക്കരിച്ച 58 ശാഖകൾ | ശാഖകളിൽ ലോക്കർ സൗകര്യം
- കോട്ടയം, പാലാ ടൗൺ ശാഖകളിൽ 12 മണിക്കൂർ ബാങ്കിംഗ് സൗകര്യം നൽകുന്നു. (രാവിലെ 8 മണി മുതൽ - രാത്രി 8 മണിവരെ)
- എല്ലാ താലൂക്ക് ഹെഡ്ക്വാട്ടേഴ്സുകളിലും, കൂടാതെ മുണ്ടക്കയം, ഈരാറ്റുപേട്ട, ഏറ്റുമാനൂർ എന്നിവിടങ്ങളിലും സായാഹ്ന ശാഖകൾ വഴി ബാങ്കിംഗ് സൗകര്യം
- വൈക്കം മെയിൻ ശാഖയോടനുബന്ധിച്ച് പ്രത്യേക പ്രഭാത - സായാഹ്ന ബാങ്കിംഗ് സൗകര്യം
- ശാഖകളിൽ വൈകുന്നേരം 4 മണിവരെ ബാങ്ക് ഇടപാടുകൾക്കുള്ള സൗകര്യം

ആകർഷകമായ പലിശ നിരക്കിൽ ഇൻഷ്വറൻസ് പരിരക്ഷയോടുകൂടിയ വിവിധ നിക്ഷേപ പദ്ധതികൾ
❖ സേവിംഗ്സ് ബാങ്ക് നിക്ഷേപം ❖ കറന്റ് നിക്ഷേപം
❖ സ്ഥിര നിക്ഷേപം റിക്കറിംഗ് ❖ നിക്ഷേപം
"സഹകരണം നാടിന്റെ പുരോഗതിക്കായി"
കെ. ജെ. ഫിലിപ്പ് കുഴികുളം, പ്രസിഡന്റ് — റോയി ഏബ്രഹാം, ജനറൽ മാനേജർ

കംപ്യൂട്ടർ സർവ്വീസിംഗ് വീട്ടിൽവന്ന് ചെയ്തുകൊടുക്കും
9744062624, 9946720018

Desktop Servicing | Laptop Servicing | Printer Servicing | Networking | Toner & Catridge Refilling & All Other Peripherals
St. MARY'S
COMPUTERS & SECURITY SYSTEMS
Room No. 102, Majestic Palace
Muttambalam P. O., Kanjikuzhy
9 am.-p.m.

അരനൂറ്റാണ്ടിലെത്തുന്ന യുവജനപ്രസ്ഥാനം

(പേജ് 6-ൽനിന്നും തുടർച്ച)

അസോസിയേഷൻ അംഗങ്ങളും പങ്കെടുത്തു. തുടർന്ന് പുനരാരംഭിച്ച കാൽനട തീർത്ഥയാത്രയിൽ യൂത്ത് അസോസിയേഷൻ അംഗങ്ങൾ പങ്കെടുത്തു.

മഞ്ഞിനിക്കര തീർത്ഥാടകർക്ക് കഞ്ഞിവിതരണം

മഞ്ഞിനിക്കര തീർത്ഥാടനത്തിനുശേഷം മലങ്കരയുടെ വിവിധ ഭാഗങ്ങളിലെ ദേവാലയങ്ങളിൽനിന്നും വി.മർത്തമറിയം കത്തീഡ്രലിൽ എത്തിച്ചേർന്ന പതിനായിരക്കണക്കിന് ഭക്തജനങ്ങൾക്ക് മുൻവർഷങ്ങളിലെപ്പോലെ വി.മർത്തമറിയം യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ സൗജന്യമായി കഞ്ഞിവിതരണം ചെയ്തു.

സംഭാരവിതരണം

ആനീദേ ഞായറാഴ്ച പള്ളിയിൽവന്ന വിശ്വാസികൾക്ക് യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ സംഭാരവിതരണം നടത്തി.

സുറിയാനി സംഗീത സായാഹ്നം

മലങ്കര സുറിയാനി സഭയുടെ വാനമ്പാടിയും മല്പാനുമായിരുന്ന ബഹു. കോട്ടയിൽ ചെറിയാൻ അച്ചന്റെ സ്മരണാർത്ഥം സുറിയാനി സംഗീത സായാഹ്നം മണർകാട് കത്തീഡ്രലിൽവെച്ച് നടത്തപ്പെട്ടു. അഭി. ഐസക്ക് മോർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യുകയും സംഗീതം ആലപിക്കുകയും ചെയ്തു. മണർകാട് വി. മർത്തമറിയം കൈയറും ബഹു. വൈദീകരും സംഗീതം ആലപിച്ചു.

പരീക്ഷാ ഒരുക്കധ്യാനം

യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കായി പരീക്ഷാ ഒരുക്കധ്യാനം മുൻ വർഷങ്ങളിലെപ്പോലെ നടത്തപ്പെട്ടു.

സൗമോദ്ഈനോ

വലിയനോമ്പിനോടനുബന്ധിച്ച് പള്ളിയുടെ വിവിധകരകൾ കേന്ദ്രീകരിച്ച് പ്രാർത്ഥനായോഗങ്ങൾ നടത്തി.

ഈസ്റ്റർ മധുരം

യൂത്ത് അസോസിയേഷൻ ഈസ്റ്റർ ദിനത്തിൽ ആളുകൾക്ക് മധുരം വിതരണം ചെയ്തു.

ഹെയ്ക്കംതോ (ജ്ഞാനം)

വി. മർത്തമറിയം യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കായി ഏകദിന വിദ്യാരംഭ സെമിനാർ വി. മർത്തമറിയം സുറിയാനി കത്തീഡ്രലിൽവെച്ച് വിജയകരമായി നടത്തപ്പെട്ടു.

പച്ചത്തുരുത്ത്

വി. മർത്തമറിയം യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഇടവകാംഗങ്ങൾക്ക് വൃക്ഷത്തൈകൾ വിതരണം ചെയ്യുകയും. പള്ളിയുടെയും സ്ഥാപനങ്ങളുടെയും പരിസരങ്ങളിൽ വൃക്ഷത്തൈനടുകയും ചെയ്തു. നമ്മുടെ വരും തലമുറകളുടെ ജീവിതം സുരക്ഷിതമാക്കുവാനായി നടത്തിയ എളിയ സംരംഭമാണ് പച്ചത്തുരുത്ത്.

അനുമോദനം

പത്താംക്ലാസ്, പന്ത്രണ്ടാം ക്ലാസ് പരീക്ഷകളിൽ ഉന്നതവിജയം നേടിയ ഇടവകാംഗങ്ങളായ വിദ്യാർത്ഥികൾക്ക് അനുമോദനം നൽകി.

അനാഥാലയ സന്ദർശനം

ലോക മാതൃദിനത്തോടനുബന്ധിച്ച് യൂത്ത് അസോസിയേഷൻ പ്രവർത്തകർ അമയന്നൂർ ജ്യോതിർഭവൻ സന്ദർശിക്കുകയും അന്തേവാസികളോടൊപ്പം അസോസിയേഷൻ പ്രവർത്തകർ പാചകപ്പെടുത്തിയ ഉച്ചഭക്ഷണം കഴിക്കുകയും ചെയ്തു.

പഴയപത്രശേഖരണം

യൂത്ത് അസോസിയേഷന്റെ ചാരിറ്റി ഫണ്ട് ശേഖരണാർത്ഥം പഴയപത്രങ്ങൾ ശേഖരിക്കുന്നു. ഈ സംരംഭത്തോട് ഇടവകയിലെ ജനങ്ങൾ വളരെ നല്ലരീതിയിൽ പ്രതികരിക്കുന്നു.

മൊബൈൽ ആപ്ലിക്കേഷൻ

മണർകാട് സെന്റ് കത്തീഡ്രലിനെക്കുറിച്ചുള്ള വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് യൂത്ത് അസോസിയേഷൻ ഒരു മൊബൈൽ ആപ്ലിക്കേഷൻ പുറത്തിറക്കി. Google Play Store -ൽ St. Maryís Cathedral Manarcad, Kolo suryoyo എന്ന് സെർച്ച് ചെയ്താൽ ഈ ആപ്ലിക്കേഷൻ ഫോണിൽ ലഭ്യമാകുന്നു.

മികച്ച യൂണിറ്റ്

കഴിഞ്ഞ രണ്ടുവർഷക്കാലമായി കോട്ടയം ഭദ്രാസനത്തിലെ മികച്ച യൂണിറ്റിനുള്ള അംഗീകാരം മണർകാട് സെന്റ് മേരീസ് യൂത്ത് അസോസിയേഷൻ നിലനിർത്തുന്നു.

ഉപസംഹാരം

1968 മുതൽ 73 വരെ ഈ പ്രസ്ഥാനത്തെ (യൂത്ത് ലീഗ്) നയിച്ചവരെയും അതിന്ശേഷം ഈ മഹൽ പ്രസ്ഥാനത്തെ (യൂത്ത് അസോസിയേഷൻ) നയിച്ചവരെയും, ഇന്നും നയിച്ചുകൊണ്ടിരിയ്ക്കുന്നവരെയും സ്നേഹപൂർവ്വം ഓർക്കുകയും അവരുടെ സേവനങ്ങളെ നന്ദിപൂർവ്വം സ്മരിക്കുകയും അവരുടെ പ്രയത്നങ്ങൾക്ക് ദൈവം സമൃദ്ധിയായി അനുഗ്രഹം പകരട്ടെ എന്നു ആശംസിക്കുകയും, ഈ പ്രസ്ഥാനം ആരുടെ പേരിൽ നിലനിൽക്കുന്നുവോ ആ പരിശുദ്ധ അമ്മയുടെ പ്രാർത്ഥന നമുക്ക് കോട്ടയാകട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ട് ഈ ഇടവകയിലെ യുവജന പ്രസ്ഥാനത്തിന്റെ ഈ വർഷത്തെ പ്രവർത്തനങ്ങളുടെ സംക്ഷിപ്തം വിവരണം സമർപ്പിക്കുന്നു.

With Best Compliments

Kerala Gramin Bank
കേരള ഗ്രാമീൺ ബാങ്ക്
(A Government owned bank sponsored by Canara Bank)
KGB
Kerala's own Bank

MANARCAD BRANCH

വിശുദ്ധ ദൈവമാതാവേ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ

അനിൽ പുള്ളോലിക്കൽ & ഫാമിലി

പാമ്പാടി

എട്ടുനോമ്പിനോടനുബന്ധിച്ച് നടത്തിയ സമൂഹവിവാഹം

JACOB'S
PAITTAKULAM MARBLES
PAITTAKKULAM MARBLES
Paittakkulam, Koothattukulam & Kuthukuzhy, Kothamangalam
Ph: 8086070307, 8086070240
All leading national brands in
Tiles, Granites, Sanitary,
Modular Kitchen & CP Fittings under one roof
NITCO TILES MARBLE MOSAICO
Kajaria Create Grow Innovate...
SOMANY
JOHNSON Not just tiles, Lifestyles.
AGL TILES WORLD
PAVIT PAVING PATHS FOR THE FUTURE
Jaquar Too good to resist
weber
FABER Living the Italian Style
Sister Concern
VTJ HOMEDECOR
PH:0485 2251017, 9645566718

അറിയിപ്പ്

കഴിഞ്ഞ 9 വർഷക്കാലമായി പ്രസിദ്ധീകരിച്ചുവരുന്ന കോലോസുറിയോയോയുടെ പ്രവർത്തനങ്ങളിൽ സഹകരിക്കുന്നവർക്ക് നന്ദിരേഖപ്പെടുത്തുന്നു. സ്ഥാപനങ്ങളിൽനിന്നും വ്യക്തികളിൽനിന്നുമുള്ള പരസ്യങ്ങളിലൂടെയും സംഭാവനകളിലൂടെയുമാണ് കോലോസുറിയോയോ സൗജന്യമായി നിങ്ങളുടെ കൈകളിലെത്തുന്നത്. പ്രസിദ്ധീകരിക്കുവാൻ ആഗ്രഹിക്കുന്ന വാർത്തകളും ചിത്രങ്ങളും എല്ലാമാസവും 20-ാം തീയതിക്കു മുമ്പായി യൂത്ത് അസോസിയേഷൻ ഓഫീസിലോ യൂത്ത് അസോ. ഭാരവാഹികളെയോ ഏൽപ്പിക്കേണ്ടതാണ്. അതോടൊപ്പം ബന്ധപ്പെടുവാനുള്ള ഫോൺ നമ്പരുകൾ കൂടി രേഖപ്പെടുത്തേണ്ടതാണ്. ബന്ധപ്പെടേണ്ട നമ്പരുകൾ ലിജോ മറ്റക്കണ്ടത്തിൽ (സെക്രട്ടറി) - 9400679765, സുരേഷ് ജോൺ കൈപ്പള്ളിൽ (ചീഫ് എഡിറ്റർ) - 9446073942

കോലോ സുറിയോയോയുടെ വെബ് സൈറ്റ് **http://www.syriacchristianity.info/KoloSuryoyo/KS.htm**

പഴയപത്രങ്ങൾ ശേഖരിക്കുന്നു

വി. മർത്തമറിയം യൂത്ത് അസോസിയേഷൻ ക്രിസ്മസിനോടനുബന്ധിച്ച് നടത്തുന്ന ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി ചാരിറ്റി ഫണ്ട് സ്വരൂപിക്കുന്നു. ഫണ്ട് സമാഹരണത്തിനായി നാലുമാസത്തിൽ ഒരിക്കൽ യൂത്ത് അസോസിയേഷൻ അംഗങ്ങൾ വീട് സന്ദർശിക്കുന്നതും പത്രങ്ങൾ ശേഖരിക്കുന്നതുമായിരിക്കും. ഈ സംരംഭത്തോട് സഹകരിക്കുവാൻ താൽപ്പര്യമുള്ളവർ യൂത്ത് അസോസിയേഷൻ ഓഫീസുമായി ബന്ധപ്പെടുക. 8089420458, 9747246992

Published by St. Maryís Youth Association, Manarcad : For Private Circulation only. Printed at Mangalam Offset Printers, Kottayam